# അസ്തമിക്കാത്ത ശാബതം

- ഡാന്യേൽ ജെ. മണിമല -

"ഏഴാം ദിവസം ദൈവം വിശ്രമിച്ചു"
(ഉൽപത്തി 2:2).

അസ്തമിച്ചീടാത്ത നിൻ ശാബതം തുടരുന്നു;
നിത്യമായ് നീളുന്ന നിൻ നിദ്രയിൽ ഞാനാകുലൻ.
അഞ്ചു നാൾ കൊണ്ടല്ലയോ സൃഷ്ടിച്ചു നീ സർവ്വവും:
പഞ്ചഭൂതങ്ങളെ, സസ്യജീവജാലാദികളും:
ഷഷ്ഠിയിൽ സൃഷ്ടിക്കുവാൻ കണ്ടില്ല നീ മറ്റൊന്നും;
ഇഷ്ടമായ് വിളയാടാൻ കളിക്കോപ്പൊന്നുണ്ടാക്കി!
കളിമണ്ണിൽ തീർത്തൊരാ കളിപ്പാവക്കു നീ
കളിയായിട്ടല്ലയോ മരണം കൈയേല്പിച്ചു?
മണ്ണിൽ നിന്നതിന്നവൻ, മണ്ണായിത്തീരേണ്ടവൻ,
മണ്ണുമീ വിണ്ണും നോക്കി നടന്നാനുഴലുമോ?
എങ്കിലും കല്പിച്ചു നീ: "മരണം പേറിക്കോളൂ,
ശങ്കവേണ്ടതില്ലൊട്ടും തുണയായ് ഞാനുള്ളപ്പോൾ".
വിശ്വത്തെ ധരിക്കാനീ നിസ്വനെയേല്പിച്ചു നീ
വിശ്രമം തുടങ്ങിയിട്ടെത്രയോ യുഗങ്ങളായ്!
നീളുന്ന നിൻ വിശ്രമം നിദ്രയായ് മാറീടുമ്പോൾ
നീറുന്ന മനുഷ്യനോ തുണതേടുന്നു വൃഥാ.
കരഞ്ഞാൽ കേൾക്കില്ല നീ; കണ്ണീരാഴിത്തട്ടിൽ
ഇനിയും സ്വപ്നം നിന്റെ നിദ്രയെത്താലോലിപ്പൂ!

എത്രയോ ദുരിതങ്ങൾ ഞങ്ങളെ വലക്കുന്നു!
പട്ടിണി മരണങ്ങൾ, വ്യാധികൾ, ഭൂകമ്പങ്ങൾ,
പ്രളയം, പേമാരികൾ, വറവും വേനൽച്ചൂടും
ഇളകും സുനാമിതൻ പേക്കൂത്തും സഹിപ്പവർ
അറിയാതിരിക്കുമോ? കണ്ണുനീർ വറ്റിപ്പോയാൽ
ഉരുകും ചോരക്കുഴമ്പേകില്ലേ നൈവേദ്യമായ്?
എങ്കിലും ശിക്ഷിക്കുമേൽ ശിക്ഷനിയോഗി; പാപ-
പങ്കിലൻ ഞാനെന്നൊരു ന്യായമുണ്ടല്ലോ ചൊല്ലുവാൻ!
എന്നിലെ കളങ്കവും നിന്നുടേതല്ലേ ദേവാ?
നിന്നിൽ നിന്നല്ലാതൊന്നും സ്വീകരിച്ചിട്ടില്ല ഞാൻ.
എന്നെ നീ മെനഞ്ഞതാം മണ്ണിലെ കളങ്കമോ?
മണ്ണുമീ നിൻ സൃഷ്ടിയായ് വന്നതല്ലയോ ദേവാ?
ഉറക്കം നടിക്കയോ ശിക്ഷിപ്പൂ നീ ഞങ്ങളെ?
ഞെരുക്കം ഞങ്ങൾക്കു നീയറിയാതുണ്ടാകുമോ?
ഉറങ്ങിക്കോളൂ ദേവാ; നിത്യമാമദ്ധ്വാനത്താ-
ലുറയും ദാർഢ്യം കൊണ്ടെൻ പേശികൾ ബലംവച്ചു.
കരയില്ലിനിമേൽ ഞാൻ; കൈകളും മസ്തിഷ്കവും
തരുമാ ബലം കൊണ്ടീ വിനകൾ ചെറുത്തിടും.
അറിയാമെനിക്കെന്റെ ശക്തികളൊട്ടും പോരാ;
വളരുമെന്നാലവ നാൾക്കുനാളദ്ധ്വാനത്താൽ.
വിശ്രമം തളർത്തി നിൻ പേശികൾ ദേവാ; സ്വപ്-
ശക്തനെന്നങ്ങേ വിളിക്കാനെനിക്കാവുന്നില്ല.

- - → 3

നിഷ്ക്രിയനായിട്ടല്ലാ തങ്ങളെയാണ്ടിട്ടില്ല,
ഇഷ്ടതയകറ്റാനായ് പാടുഞാൻ ചെയ്യുമ്പോഴും.
അസ്തമിച്ചിടാതെ നിൻ ശബ്ദം തുടരുന്നു;
നിത്യമായ് നിറയുന്ന നിൻ നിദർശനമിന്നെൻ ബലം!

—— x —— x ——